വനോൽപ്പന്നങ്ങൾ കള്ളക്കടത്ത്

*357 [376] ശ്രീ. റനി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനോൽപ്പന്നങ്ങൾ വ്യാപകമായ തോതിൽ കള്ളക്കടത്ത് നടത്തുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) എത്ര കേസ്സുകൾ നടത്തിയിട്ടുണ്ട്;

(ഡി) ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) അവർ ആരെല്ലാമാണ്; അവരുടെ പേരിലുള്ള ആക്ഷേപങ്ങൾ എന്തെല്ലാമാണ്?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ പി. എസ്. ശ്രീനിവാസൻ):

(എ) കള്ളക്കടത്തു നടക്കുന്നതായി സർക്കാരിനു അറിവുണ്ട്.

(ബി) നിയമാനുസൃതമായ നടപടികൾ യഥാസമയം സ്വീകരിച്ചിട്ടുണ്ട്.

(സി) ഇതുവരെ 420 കേസ്സുകൾ ചാർജ്ജു ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

ചെറുകിട വ്യവസായികോൽപ്പന്നങ്ങൾ

*358 [377] ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ചെറുകിട വ്യവസായങ്ങളിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ പതിനഞ്ചു ശതമാനം വില കൂട്ടി ഗവൺമെൻറ്, അർദ്ധ ഗവൺമെൻറ് സ്ഥാപനങ്ങൾ വാങ്ങണമെന്ന് വ്യവസ്ഥയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വ്യവസ്ഥയനുസരിച്ച് എല്ലാ ഡിപ്പാർട്ടുമെൻറുകളും അർദ്ധ ഗവൺമെൻറ് സ്ഥാപനങ്ങളും സാധനങ്ങൾ വാങ്ങുന്നുണ്ടോ;

(സി) ഈ വ്യവസ്ഥ പാലിക്കാത്ത ഡിപ്പാർട്ടുമെൻറുകളുടെ മേലും, അർദ്ധ ഗവൺമെൻറ് സ്ഥാപനങ്ങളുടെ മേലും നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly